ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം

നമ്പർ ഡി.ജി.പി.ക്യാമ്പ് 62/2014 തീയതി : 21/03/2014

## സർക്കുലർ 14/2014

ഈ വർഷം പകൽ സമയങ്ങളിൽ സാധാരണയിൽ നിന്ന് ചൂട് 2 മുതൽ 5 ഡിഗ്രി വരെ വളരെ കൂടുതൽ ഉള്ളതിനാൽ എല്ലാ തടവുകാർക്കും ജീവനക്കാർക്കും ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. അതുപോലെ ജയിലിന് മുകളിൽ പണിയുന്ന സോളാർ പാനൽ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനു ള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് എറണാകുളം ജില്ലാ ജയിൽ പോലെയുള്ള സ്ഥലങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിന് മുൻപ് നൽകിയിരുന്ന നിർദ്ദേശം അനുസരിച്ചും സ്ഥല ലഭ്യത അനുസരിച്ചും മെയ് മാസത്തിന് മുൻപായി ആവശ്യത്തിന് മഴക്കുഴികൾ തയ്യാറാക്കേണ്ടതാണ്. അടുത്ത വർഷക്കാലത്ത് ജയിൽ കോമ്പൗണ്ടിൽ പെയ്യുന്ന മഴവെള്ളം ഒലിച്ചു പോകാതെ, ഈ മഴക്കുഴികളിൽ സംഭരിക്കാവുന്ന വിധത്തിൽ ആയിരിക്കണം മഴക്കുഴി നിർമ്മാണം. വരുന്ന വർഷം മുതൽ ജയിൽ കോമ്പൗണ്ടിൽ കുഴിച്ച കിണർ, കുളം എന്നിവയിൽ ആവശ്യത്തിന് ജലം ലഭ്യമാക്കുന്നതിനാണ് മഴക്കാലത്തിന് മുൻപേ മഴക്കുഴി നിർമ്മാണം പൂർത്തി ആക്കേണ്ടത്.

ടി പി സെൻകുമാർ ഐ പി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ്
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും
പകർപ്പ് : എല്ലാ ഡി.ഐ.ജി.മാക്കും.